**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **15-02-2024 - ൽ മറുപടിയ്ക്ക്**

**അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോങ്ങാട് മണ്ഡലത്തിലെ മണ്ണിടിച്ചിൽ മുതലായ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ടെന്ന പഞ്ചായത്ത് തിരിച്ചുള്ള കണക്ക് സഹിതം വിശദമാക്കാമോ; പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ) | കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ട മണ്ണാർക്കാട് താലൂക്ക് പാലക്കയം വില്ലേജിലെ 15 കുടുംബങ്ങളെ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്നതിനായി വിദഗ്ധ സമിതി നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ പാലക്കയം വില്ലേജിലെ 6 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.<br><br>പ്രസ്തുത 6 കുടുംബങ്ങളിൽ ശ്രീമതി.സിനി W/o സജി, പതിനാറു പാറയിൽ വീട്, വട്ടപ്പാറ, പാലക്കയം എന്നവരെ മാത്രമാണ് മാറ്റിപ്പാർപ്പിയ്ക്കുന്നതിന് യോഗ്യതയുള്ളതായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തി ശിപാർശ സമർപ്പിച്ചിട്ടുള്ളത്. ശ്രീമതി സിനിയ്ക്ക് ധനസഹായം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ശേഷിക്കുന്ന 5 കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച പരിശോധനാ റിപ്പോർട്ടുകൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ